പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.338 — 03.02.2020 ൽ മറുപടിയ്ക്ക്

## സപ്ലൈകോവഴി ഗുണമേന്മയുള്ള ഉൽപന്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ബഷീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സപ്ലൈകോയുടെ ഔട്ട് ലെറ്റുകൾ വഴി ഗുണമേന്മയുള്ള ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) | സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് 2019 ഒക്ടോബർ മാസം മുതൽ ഡിപ്പോ മാനേജ്മെൻറ് കമ്മിറ്റി മുഖേനയുള്ള Local Purchase (17 ദിവസം വരെ Shelf life period ഉള്ള കേടാകുന്നവ ഒഴികെ) നിർത്തലാക്കുകയും ഉൽപന്നങ്ങൾ വാങ്ങുന്നതിന് സപ്ലൈകോ ഹെഡ് ഓഫീസ് അംഗീകരിച്ച് അടിസ്ഥാന വില നിശ്ചയിച്ചു നൽകുന്ന LLC (Local listed companies) വിഭാഗം കമ്പനികൾ വഴിയുള്ള പർച്ചേസ് ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി കമ്പനികളിൽ നിന്നും ഉൽപന്നങ്ങൾ വാങ്ങുമ്പോൾ, ഭക്ഷ്യ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന കമ്പനികൾക്ക് FSSAI (Food Safety Standard Authority of India) രജിസ്ട്രേഷൻ, ഗുണനിലവാര സർട്ടിഫിക്കറ്റുകളായ HACCP/Agmark/ISO-22000 മുതലായവ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നു. മറ്റു കമ്പനികളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ISO-9001 സർട്ടിഫിക്കറ്റും ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. |
| (ബി) | കുടുംബശ്രീയുടെ വിവിധ ഉൽപന്നങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യുന്നതിന് ധാരണയായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | ഉണ്ട്. കുടുംബശ്രീയുടെ വിവിധ ഉൽപ്പന്നങ്ങൾ മികച്ച രീതിയിലും ലാഭകരമായും സപ്ലൈകോ വഴി വിതരണം ചെയ്യുന്നതിനുള്ള ധാരണാപത്രത്തിൽ സപ്ലൈകോയും കുടുംബശ്രീയും ഒപ്പ് വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ